(ഡി) പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ടായ കാലതാമസം കൊണ്ടാണ് കമ്മീഷൻ ചെയ്യാതിരുന്നത്.

(ഇ) ഇപ്പോൾ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. ആയതിനാൽ 2005 ഏപ്രിൽ മാസം കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ ഓവർസീയർ ഗ്രേഡ് III-യുടെ ഒഴിവുകൾ നികത്താൻ നടപടി

92 [3143] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഓവർസീയർ ഗ്രേഡ് III-ന്റെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക്ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; നിയമനം നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ III-ാം ഗ്രേഡ് ഓവർസീയർമാരുടെ തസ്തിക നിലവിലില്ല. എന്നാൽ സമാനമായ വർക്ക് സൂപ്രണ്ട് ഗ്രേഡ് III-ന്റെ രണ്ട് തസ്തികകളുണ്ട്. ഇവ ഒഴിഞ്ഞുകിടക്കുകയാണ്.

(ബി) പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ട്. ആർക്കും നിയമനം നൽകിയിട്ടില്ല. ഗ്രേഡ് III വർക്ക് സൂപ്രണ്ട്/ഓവർസീയർ തസ്തികകൾ സമാനതസ്തികകളാണെന്ന് പി. എസ്. സി.-യുടെ സ്പഷ്ടീകരണം ലഭിച്ചത് 2-2-2005-ലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടിന്റെ നിലവിലുള്ള രണ്ട് ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വർക്ക് സൂപ്രണ്ടിന്റെ നിലവിലുള്ള രണ്ട് ഒഴിവിലേക്ക് നിയമനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

93 [3144] ശ്രീ. കോടിയേരി ബാലകൃഷ്ണൻ

,, ടി. കെ. ബാലൻ :

,, കെ. വി. കുഞ്ഞിരാമൻ:

,, പി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly